# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. T.3466

19-10-2016 ൽ
മറുപടിയ്ക്ക്.

## കുടിവെള്ള സ്രോതസ്സുകൾ മാലിന്യമുക്തമാക്കുന്നതിന് നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീ.മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ വീടുകളിൽ കിണറും സെപ്റ്റിക് ടാങ്കും തമ്മിൽ അകലമില്ലാത്തത് കിണർ വെള്ളം എളുപ്പത്തിൽ മലിനമാകാൻ കാരണമാകുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഒഴുക്ക് നിലച്ച ഓടകളിൽ നിന്നുള്ള മാലിന്യത്തിന്റെ അംശം മണ്ണിലൂടെ കിണറുകളിലും ജലസ്രോതസ്സുകളിലും കലരുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഒഴുക്കു നിലച്ച ഓടകളിൽ നിന്നുള്ള മാലിന്യത്തിന്റെ അംശം മണ്ണിലൂടെ കിണറുകളിലും ജലസ്രോതസ്സുകളിലും കലരുന്ന സാഹചര്യം സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന ജലസാമ്പിളുകളുടെ ഗുണനിലവാരം ഭൂജലവകുപ്പിന്റെ അധീനതയിലുള്ള മൂന്ന് ലാബുകളിൽ പരിശോധനാ ഫീസ് ഈടാക്കിക്കൊണ്ട് (കെമിക്കൽ ആന്റ് ബാക്ടീരിയോളജി) റിപ്പോർട്ടുകൾ നൽകി വരുന്നുണ്ട്. നഗരസഭാതലത്തിൽ പരാതികൾ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കാറുണ്ട്. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ ജലസ്രോതസ്സുകളും കിണറുകളും മാലിന്യ മുക്തമാക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ? | (സി) | ജലസ്രോതസ്സുകളും കിണറുകളും സംരക്ഷിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് പൊതുജനങ്ങൾക്ക് ബോധവത്ക്കരണ പ്രവർത്തനങ്ങൾ ഭൂജലവകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. ഭൂജല സ്രോതസ്സുകൾ മലിനമാകുന്നത് തടയുന്നതിനുള്ള വ്യവസ്ഥകൾ കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 പ്രകാരം നിലവിലുണ്ട്. ഭൂജല വകുപ്പിന് ലഭിക്കുന്ന പരാതികളിന്മേൽ ഈ വ്യവസ്ഥകൾ പ്രകാരം നടപടികൾ സ്വീകരിക്കുന്നുണ്ട്.<br>കേരള ജല അതോറിററി കുടിവെള്ള സ്രോതസ്സു-കളിലെ ജലം നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. കേന്ദ്ര പദ്ധതി പ്രകാരം കുടിവെള്ളസ്രോതസ്സുകളായ കിണർ, ബോർവെൽ, കുളം എന്നിവിടങ്ങളിലെ ജലം പരിശോധിച്ച് അതിന്റെ ഫലം www.indiawater.gov.in എന്ന വെബ്സൈറ്റിൽ ചേർക്കുന്നുണ്ട്.<br>ജലനിധി പദ്ധതിയുടെ പരിധിയിൽ ജലസ്രോതസ്സുകളും കിണറുകളും മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി ഓടകൾ ഡൈവേർട്ട് ചെയ്തും അതീവ ഗുരുതരാവസ്ഥയിലുള്ള മലീമസമായ ഓടകൾ ഡീ സെൻട്രലൈസ്ഡ് ട്രീറ്റ്മെന്റ് സംവിധാനത്തിലൂടെ സംസ്കരിക്കുന്നതിനും, ജലസ്രോതസ്സുകളുടെയും കിണറുകളുടെയും ദൂരപരിധിക്കുള്ളിൽ വരുന്ന സെപ്റ്റിക് ടാങ്കുകളും കക്കൂസ് കുഴികളും മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.<br>12-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ സ്ഥിതി ചെയ്യുന്ന പൊതുകിണറുകൾ, കുളങ്ങൾ എന്നിവയുടെ പുനരുദ്ധാരണം, സംരക്ഷണം എന്നിവയ്ക്കുള്ള വ്യക്തമായ മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. കുളങ്ങൾ വൃത്തിയാക്കൽ, |

| | | | |
|---|---|---|---|
| | | | ചെളിയെടുക്കൽ, ആഴം കൂട്ടൽ തുടങ്ങിയ പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്നുണ്ട്. കൂടാതെ ഗ്രാമ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയും, കുളങ്ങളും, കിണറുകളും പുനരുദ്ധരിക്കുന്നതിന് തനത് ഫണ്ട്, റോഡിതര മെയിന്റനൻസ് ഫണ്ട്, വരൾച്ചാദുരിതാശ്വാസ ഫണ്ട് എന്നിവ ഉപയോഗിക്കുന്നുണ്ട്.<br>1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 340(എ) പ്രകാരം ചവറോ മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്നത് നിരോധിച്ചിട്ടുണ്ട്. ജലാശയങ്ങൾ മലിനമാക്കുന്നത് തടയുന്നതിനും അത്തരം പ്രവൃത്തി ചെയ്യുന്നവരെ കണ്ടെത്തുന്നതിനുമായി നഗരസഭ ആരോഗ്യ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് ആയതിനെതിരെ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**